പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1287** — 15.06.2012 ൽ **മറുപടിയ്ക്ക്**

# ഗ്രാമസേവാ കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>,, പി.സി. വിഷ്ണുനാഥ്<br>,, സണ്ണി ജോസഫ്<br>,, കെ. ശിവദാസൻ നായർ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| എ. | തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമസേവാ കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ. | ഉണ്ട് |
| ബി. | പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ് ; | ബി. | സേവാ കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ<br>1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കൽ.<br>2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ എല്ലാ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.<br>3. മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിച്ചു അവ സമന്വയത്തിലൂടെ ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉത്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ<br>4. പൊതുജനങ്ങൾക്കും, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഇന്ന് ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കൽ |

| | | | |
|---|---|---|---|
| | | | സേവാ കേന്ദ്രത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമീണ പ്രദേശത്തെ ഏതൊരു വ്യക്തിക്കും ഉറപ്പാക്കിയിട്ടുള്ള എല്ലാ അവകാശങ്ങളും പ്രത്യേകിച്ച്<br>1. തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ<br>2. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ<br>3. മസ്റ്റർ റോളുകളുടെ പരിശോധന<br>4. പരാതി സമർപ്പിക്കൽ<br>5. വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ ഉറപ്പാക്കുന്നതിനുള്ള ഒരു വേദി<br>6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം<br>7. മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ<br>8. വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ<br>9. ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ<br>10. പരാതി പരിഹാര സംവിധാനം<br>11. ഗ്രാമതലത്തിൽ സോഷ്യൽ ആഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം<br>12. പരിശീലനം സംഘടിപ്പിക്കൽ<br>എന്നീ പ്രവർത്തനങ്ങളും കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്. |
| സി. | ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കാമോ ? | സി. | ഗ്രാമപഞ്ചായത്തുകളിൽ സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ സേവാകേന്ദ്രം നിർമ്മിക്കുന്നതിനായി പരമാവധി 25 ലക്ഷം രൂപയും കേന്ദ്രസഹായമായി ലഭിക്കും. |

സെക്ഷൻ ഓഫീസർ